1	2	3
2013-14	15 കോടി രൂപ	15 കോടി രൂപ
2014-15	5.44 കോടി രൂപ	5.44 കോടി രൂപ
2015-16	12 കോടി രൂപ	7 കോടി രൂപ (5 കോടി രൂപ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.)

(ഡി) ഓരോ സാമ്പത്തിക വർഷവും ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ്

225 (1602) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോൽപന്നങ്ങളുടെ വിലയിടിവ് സംസ്ഥാനത്തെ കാർഷിക മേഖലയെ ഏതൊക്കെ തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബഡ്ജറ്റിലൂടെ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എത്രകണ്ട് ഫലവത്തായി എന്നറിയിക്കാമോ;

(സി) സംഭരണ നടപടികളും വിലസ്ഥിരതാ പദ്ധതികളും നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സർക്കാർ പദ്ധതി പ്രഖ്യാപനങ്ങൾക്കിടയിലും റബ്ബർ അടക്കമുള്ള വിളകളുടെ വില ഇടിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിലയിടിവിന്റെ പശ്ചാത്തലത്തിൽ കാർഷിക വിളകളുടെ വിസ്തൃതി, ഉൽപാദനം, ഉൽപാദനക്ഷമത, കർഷകന്റെ അവസ്ഥ എന്നിവ വിശദമാക്കാമോ?

ഉത്തരം

(എ) കാർഷിക ഉൽപ്പന്നങ്ങളിൽ വിലയിടിവ് പ്രധാനമായും നേരിടുന്നത് റബ്ബറിനാണ്. റബ്ബറിനുണ്ടായിരിക്കുന്ന വിലയിടിവ് റബ്ബർ കർഷകരുടെ വരുമാനത്തെ ബാധിക്കുന്നതായി കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(സി) കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് പരിഹരിച്ചുകൊണ്ട് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ സംഭരണ നടപടികളും വിലസ്ഥിരതാ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. നാളികേര വിലയിടിവിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനായി 1-1-2013 മുതൽ സംസ്ഥാന സർക്കാർ പച്ചനാളികേര സംഭരണ പദ്ധതി കേരഫെഡിന്റെ സഹകരണത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. നെല്ലിന് ന്യായവില ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ട്.

റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ വിലസ്ഥിരതാ പദ്ധതിയായ "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി നടപ്പിലാക്കി. പദ്ധതികൾ നടപ്പിലാക്കുന്നതിന് വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കാർഷിക ഉൽപ്പന്നങ്ങളിൽ വിലയിടിവ് പ്രധാനമായും നേരിടുന്നത് റബ്ബറിനാണ്. റബ്ബറിന്റെ ആഭ്യന്തര വിപണിവില അന്താരാഷ്ട്ര വിപണിയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വിപണിവില കുറയുന്നതിന് പരിഹാര മായിട്ടാണ് സർക്കാർ സംഭരണ നടപടികളും വിലസ്ഥിരതാ പദ്ധതികളും നടപ്പിലാക്കുന്നത്.

(ഇ) വിലയിടിവ് പ്രധാനമായും നേരിടുന്നത് റബ്ബറിനാണ്. റബ്ബർ കൃഷിയുടെ വ്യാപനം, വിള പരിപാലനം, ഉൽപ്പാദനം എന്നിവ സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നതും റബ്ബർ കൃഷിയുടെ ആധികാരിക രേഖകൾ സൂക്ഷിക്കുന്നതും റബ്ബർ ബോർഡാണ്. ഇതുസംബന്ധിച്ച് കൃഷിവകുപ്പ് ശാസ്ത്രീയമായ വിലയിരുത്തൽ നടത്തിയിട്ടില്ല.

നാളികേരോൽപ്പന്നങ്ങൾ പ്രചരിപ്പിക്കാൻ നടപടി

226 (1603) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിൽ നിന്നും ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്ന കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയെന്നും അവ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly